# BBM LPS AZHEEKAL

Education since 1925

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ബിബിഎം എൽ പി എസ് അഴീക്കൽ |
| വിലാസം | അന്ധകാരനാഴി പി ഒ പട്ടണക്കാട് |
| സ്കൂൾ കോഡ് | 34333 |
| വിദ്യാഭ്യാസ ഉപജില്ല | തുറവൂർ |
| വിദ്യാഭ്യാസ ജില്ല | ചേർത്തല |
| റവന്യൂ ജില്ല | ആലപ്പുഴ |
| ബി ആർ സി | തുറവൂർ |
| ഗ്രാമ പഞ്ചായത്ത് | പട്ടണക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | പട്ടണക്കാട് |
| ജില്ലാ പഞ്ചായത്ത് | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | ചേർത്തല |
| താലൂക്ക് | ചേർത്തല |
| വില്ലേജ് | പട്ടണക്കാട് |
| ഇ.മെയിൽ | bbmlps@gmail.com |

# ചരിത്രം

അനേകായിരങ്ങൾക്ക് അക്ഷരജ്ഞാനം പകർന്നു നൽകി അഴീക്കൽ ഗ്രാമത്തിൻ്റെ അക്ഷരജ്യോതിസ്സായി വിളങ്ങുന്ന ബി.ബി.എം. എൽ.പി. സ്കൂൾ ശതാബ്ദി നിറവിൽ തലയുയർത്തി അഭിമാനത്തോടെ നിലകൊള്ളുന്നു.

ചേർത്തല താലൂക്കിൽ പട്ടണക്കാട് ഗ്രാമപഞ്ചാ യത്തിൽ തികച്ചും ശാന്തസുന്ദരമായ ഗ്രാമീണ അന്തരീ ക്ഷത്തിൽ കടലും കായലും അഴിയും ചീനവലകളു മായി പ്രകൃതി കനിഞ്ഞു നൽകിയ അഴിക്കൽ ഗ്രാമ ത്തിന്റെ തിലകക്കുറിയായി ബിബിഎം എൽപിഎസ് സ്ഥിതി ചെയ്യുന്നു.

1925-ൽ ബിഷപ്പ് ബെൻറോ മെമ്മോറിയൽ എൽ.പി. സ്കൂൾ അന്ധകാരനഴിമുഖത്ത് നിന്ന് 100 മീറ്റർ തെക്കോട്ട് മാറി ഓലമേഞ്ഞ കെട്ടിടം കെട്ടി പടുക്കുകയും ചെയ്തു. കടലും അഴിയും ഇടത്തോടുകളുമായി ചുറ്റപ്പെട്ടു കിടന്ന അഴിക്കൽ പ്രദേശത്തെ നിരക്ഷരരായ സാധാരണ പ്രദേശവാസികളുടെ മക്കൾ ക്ക് അക്ഷരവെളിച്ചം പകർന്നു നൽകുക എന്ന ഉദ്ദേശ ത്തോടുകൂടി ആണ് ഈ വിദ്യാലയം സ്ഥാപിതമായത്. അഴീക്കൽ പ്രദേശത്തെ നല്ലവരായ നാട്ടുകാരുടെയും പീറ്റർ ചേനപറമ്പിൽ പിതാവിന്റെയും അശ്രാന്ത പരിശ്രമ ഫലമായി 1965-ഓടുകൂടി പ്രൈമറി സ്കൂൾ അന്ധകാരനഴിക്ക് ഒരു കിലോമീറ്റർ തെക്കോട്ട് മാറി സെൻറ് സേവ്യേഴ്സ് പള്ളിയോടുചേർന്ന് ഇപ്പോൾ കാണുന്നിടത്ത് മാറ്റി സ്ഥാപിച്ചു.

ഈ വിദ്യാലയത്തിന്റെ ആദ്യത്തെ പ്രഥമാധ്യാപകൻ ശ്രീ കുഞ്ഞു ഇസ്മായിൽസാറാണ്. സംസ്ഥാന മന്ത്രിസഭയിലെ ശ്രീമതി ഗൗരിയമ്മ ഈ വിദ്യാലയത്തിൽ പഠിച്ച പൂർവ്വ വിദ്യാർത്ഥിയാണ്.മഞ്ഞപിത്തത്തിന്റെ മരുന്ന് കണ്ടുപിടിച്ച പാസ്കൽ ബലിയോൺ ഈ വിദ്യാലത്തിൽ പഠിച്ചതാണ്

# ലക്ഷ്യം

* സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
* പാഠ്യപദ്ധതി ലക്ഷ്യമിടുന്ന രീതിയിൽ അക്കാദമികമായി മുഴുവൻ കുട്ടികളെയും മികവിലേക്ക് നയിക്കും.
* പ്രവർത്തനാധിഷ്ഠിതവും രസകരവും ശിശുസൗഹൃദപരവുമായി ക്ലാസ്സ്മുറി കൾ ഒരുക്കും
* കുട്ടികളുടെ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേ ട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും
*ശരിയായ ആരോഗ്യശീലം, ശുചിത്വബോധം എന്നിവ കുട്ടികളിൽ വളർത്തും.
* എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റും.
*ഐ.സി.ടി പഠത്തിനാവശ്യമായ സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും
* സ്ക്കുൾ പഠനം പൂർത്തിയാക്കന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്. ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും.
*പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവിശ്യമായ സഹായം ലഭ്യമാക്കും
* പഠനയാത്രകൾ, ക്യാമ്പുകൾ, ശിൽപ്പശാലകൾ, ക്ലാസു കൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോ ജനപ്പെടുത്തും.
* എൽ എസ് എസ്. പരീക്ഷയിൽ വിജയംകൈവരിക്കുന്നതിനുള്ള പ്രവർത്തനം നടത്തും.

# മലയാളം

നമ്മുടെ മാതൃഭാഷയായ മലയാളം പ്രൈമറി തലത്തിൽ തന്നെ കുട്ടികൾ സ്വായത്തമാക്കേണ്ടത് അനിവാര്യമാണ്. അറിവുകൾ നേടുന്ന തിന് മാതൃഭാഷാപഠനം സുപ്രധാന പങ്കു വഹിക്കുന്നു.

* അക്ഷരങ്ങൾ ഉറപ്പിക്കൽ

* വാക്കുകൾ വാക്യങ്ങൾ ഇവ തെറ്റുകൂടാതെ എഴുതാനുള്ള കഴിവ് നേടൽ

* ചിഹ്നങ്ങൾ ഉറപ്പിക്കൽ

* ഭാഷാപഠനത്തിൽ താത്പര്യം ജനിപ്പിക്കുക

* മികച്ച വായനക്കാരെ കണ്ടെത്തുക

* എഴുത്ത് മികച്ചതാക്കാനുള്ള അവസരം ഒരുക്കുക

* സർഗാത്മക രചനകൾ നടത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

* കുട്ടികളുടെ ഭാഷാ നിലവാരം ഉയർത്തുക.

# ENGLISH

English is a worldwide subject. The students want to get a foundation in primary classes. By doing many activities the learner should acquire the objectives of English learning.

* Improve spoken skill of English

* Give real life situations to the learners to promote English language

* To enable the Children to read English books

* To improve writing skill

* Give chance to participate in programs in English

# ഗണിതം

ഗണിതശാസ്ത്രം പഠിക്കുക എന്നത് വളരെ പ്രധാനമാണ്, കാരണം ഗണിതം നമ്മുടെ ദൈനംദിന ജീവിതത്തിലും വിവിധ ശാസ്ത്രശാഖകളിലും ഒഴിച്ചുകൂടാനാവാത്ത പങ്ക് വഹിക്കുന്നു. പ്രശ്നപരിഹാര ശേഷി, യുക്തിബോധം, വിമർശനാത്മക ചിന്ത എന്നിവ വളർത്താൻ സഹായിക്കുന്നു.ഗണിതശാസ്ത്രം ഒരു ഭാഷ പോലെയാണ്, അത് ലോകത്തെ മനസ്സിലാക്കാനും കാര്യങ്ങളെ ക്രമപ്പെടുത്താനും സഹായിക്കുന്നു. ഇത് ഒരു വിഷയമെന്നതിലുപരി ജീവിതത്തെ സമീപിക്കാനുള്ള ഒരു രീതിയാണ്.

* ഗണിത പഠനം ലളിതവും രസകരവുമായ അവതരിപ്പിക്കൽ
* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.
* ഗണിതം മധുരമാക്കൽ
* ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നാക്കം ആക്കൽ.
* വിവിധ ശേഷികളുടെ വികസനം

# അടിസ്ഥാന ശാസ്ത്രം / പരിസരപഠനം, സാമൂഹിക ശാസ്ത്രം

നമ്മുടെ പരിസരത്തു നിന്നും ചുറ്റുപാടുകളിൽ നിന്നും കുട്ടികൾ ഒരുപാട് കാര്യങ്ങൾ ആർജിച്ചെടുക്കുന്നുണ്ട്. ഒരു കുട്ടിയെയും ശാസ്ത്രകുതുകികൾ ആക്കി മാറ്റുന്നതിനും നല്ല സാമൂഹ്യ അവബോധം ഉള്ളവരാക്കി മാറ്റുന്നതിനും ഉതകുന്ന രീതിയിലുള്ള പഠനപ്രക്രിയകൾ സജ്ജമാക്കേണ്ടതുണ്ട്.

* കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന്
* ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും വളർത്തുന്നതിന്.
* പ്രകൃതിയെ അറിഞ്ഞു ജീവിക്കുന്നതിന്.
* പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിന്
* നമ്മുടെ രാജ്യത്തെയും ഭരണഘടനയെയും കുറിച്ച് കൂടുതലായി അറിയുന്നതിന്
* സാമൂഹികാവബോധം വളർത്തുന്നതിന്.
* ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നതിന്

# ഹിന്ദി

* എല്ലാ  കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും

ആശയങ്ങളും ഉറപ്പിക്കൽ.

* ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും

സർഗാത്മകത വളർത്തുന്നതിനുള്ള അവസരം

* കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ

പേരുകൾ ഹിന്ദിയിൽ പഠിക്കുന്നതിന്